**പതിമൂന്നാം കേരള നിയമസഭ**
**<u>പതിനൊന്നാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5461**

**01.07.2014 - ലെ മറുപടിക്ക്**

**കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ**

<u>ചോദ്യം</u>
ശ്രീ. കെ. ദാസൻ

<u>മറുപടി</u>
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (എ) : ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ 3485 MSME വ്യവസായങ്ങൾ ആരംഭിച്ചു. സംരംഭകത്വ സഹായ പദ്ധതി/പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്ക്, വിപണന മേളകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തു. |
| (ബി) | 2014-2015 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കുന്ന പ്രവൃത്തികൾ/പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) : കുറ്റ്യാടിയിൽ ഒരു നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. 1200 ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുവാനും 300 വ്യവസായ സ്ഥാപനങ്ങൾക്ക് സംരംഭകത്വ സഹായ പദ്ധതി പ്രകാരം ഗ്രാന്റ് നൽകുവാനും 75 സംരംഭകർക്ക് പി.എം.ഇ.ജി.പി പദ്ധതി പ്രകാരം മാർജിൻ മണി നൽകുവാനും വിപണന മേളകൾ സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (സി) | മിഷൻ 676-ൽ കോഴിക്കോട് ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (സി) : മിഷൻ 676 പ്രകാരമുള്ള പദ്ധതികൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ.